**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 299** **04-10-2021 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ ക്ഷണിച്ച താൽപ്പര്യപത്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | അഞ്ച് ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ ഇടപാടുകളും ഇ-ടെൻഡർ വഴിയായിരിക്കണം എന്ന ഉത്തരവ് ലംഘിച്ച് ശബരി ഉല്പന്നങ്ങൾ വിപണിയിലെത്തിക്കാൻ സപ്ലൈകോ താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ; | (എ) | ഉത്തരവ് ലംഘനം ഒന്നും തന്നെ നടന്നിട്ടില്ല. 5 ലക്ഷത്തിനു മുകളിലുള്ള എല്ലാ ഇടപാടുകളും സുതാര്യമായ രീതിയിൽ ഇ-ടെൻഡർ വഴിയേ നടത്താറുള്ളൂ. സപ്ലൈകോയുടെ നേരിട്ടുള്ള മേൽ നോട്ടത്തിൽ ഗുണമേന്മയുള്ള കൂടുതൽ ഉത്പന്നങ്ങൾ ന്യായമായ വിലക്ക് ശബരി ബ്രാൻഡിൽ വിപണിയിലിറക്കുന്നതിന്റെ ഭാഗമായി, കറി പൗഡർ , മസാല പൗഡർ എന്നീ ഉൽപ്പന്നങ്ങൾ പ്രോസസ്സിംഗ് യൂണിറ്റ് ലീസിനെടുത്തു ശബരി ബ്രാൻഡിൽ ഉത്പാദിപ്പിച്ച പ്രോസസ്സ് ചെയ്തു വിതരണം നടത്തുന്നതിനും, റവ/സൂചി, മൈദ, കുടംപുളി, ഹാൻഡ് സാനിറ്റൈസർ, ഹാൻഡ് വാഷ്, ലിക്വിഡ് ടോയ്‌ലറ്റ് ക്ലീനർ, ഡിറ്റർജന്റ് പൗഡർ, സൺഫ്ലവർ ഓയിൽ/പാമോലിൻ എന്നിവ ശബരി ബ്രാൻഡിൽ പ്രോസസ്സ് ചെയ്തു വിതരണം നടത്തുന്നതിനും ബോർഡ് അനുമതി ലഭിച്ചതിനെ തുടർന്ന്, ടി വിഷയം സപ്ലൈകോയുടെ ആദ്യ സംരംഭമായതിനാൽ, അതിന്റെ വിവിധ സാങ്കേതിക വിഷയങ്ങളെക്കുറിച്ചും, സ്പെസിഫിക്കേഷനെ സംബന്ധിച്ചും അറിവുള്ള നിർമ്മാതാക്കളിൽ നിന്ന് താല്പര്യപത്രം ക്ഷണിച്ച്, സുതാര്യമായ രീതിയിലുള്ള സാങ്കേതിക ചർച്ചകൾക്ക് ശേഷം ടെൻഡർ ക്ഷണിക്കുന്നതിന് മുന്നോടിയായി സ്പെസിഫിക്കേഷനുകൾ അന്തിമമാക്കേണ്ടതായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലാണ് താത്പര്യപത്രം ക്ഷണിച്ചിട്ടുള്ളത്. സപ്ലൈകോയുടെ നഷ്ടം കുറയ്ക്കുന്നതിനായി ഭക്ഷ്യ സാധനങ്ങൾക്ക് പുറമെ അവശ്യ സാധനങ്ങൾ കൂടി ശബരി ബ്രാൻഡിൽ വിപണിയിലിറക്കുന്നുണ്ട്. സപ്ലൈകോയുടെ ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ വിപണിയിലിറക്കുന്നതിന് സപ്ലൈകോയുടെ |

| | | | |
|---|---|---|---|
| | | | നേരിട്ടുള്ള മേൽ നോട്ടം അത്യന്താപേക്ഷിതമാണ്. ശബരി ബ്രാൻഡിൽ ശബരി ചക്കി ഫ്രഷ് ആട്ട പ്രോസസ് ചെയ്തു വിതരണം ചെയ്തു വരുന്നു. അതിനാവശ്യമായ അസംസ്കൃത വസ്തു (ഗോതമ്പ്) പർച്ചേസ് വിഭാഗം ഇ- ടെൻഡർ നടപടികളിലൂടെ ലഭ്യമാക്കുന്നു. 19.11.2018- ലെ 17/428 നമ്പറായ ബോർഡ് തീരുമാനത്തിന്റെയും 12.03.2019 ലെ 38/C2/2019 F&CSD നമ്പറായ സർക്കാർ അനുമതിയുടെയും അടിസ്ഥാനത്തിൽ ശബരി അപ്പംപൊടി/പുട്ടുപൊടി എന്നിവ താല്പര്യപത്രം മുഖാന്തിരം ഫാക്ടറി ലീസിനെടുത്തു പ്രോസസ്സ് ചെയ്തു പായ്ക്ക് ചെയ്തു വിതരണം നടത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടുതൽ ഉൽപ്പന്നങ്ങൾ ശബരി ബ്രാൻഡിൽ ഉൾപ്പെടുത്തുന്നതിന് സപ്ലൈകോ ഡയറക്ടർ ബോർഡ് തീരുമാനിച്ച പ്രകാരം താല്പര്യപത്രം ക്ഷണിക്കുവാൻ സപ്ലൈകോ തീരുമാനിച്ചിരുന്നു. താല്പര്യപത്രം നൽകുന്ന സ്ഥാപനങ്ങൾക്ക് 100 കോടി രൂപ വാർഷിക വിറ്റുവരവ് വേണമെന്നും ISO Certification, ടെൻഡറിൽ പങ്കെടുക്കുന്ന സ്ഥാപനങ്ങളുടെ ഫാക്ടറി സപ്ലൈകോ ഹെഡ് ക്വാർട്ടേഴ്സിന്റെ 35 കിലോമീറ്റർ ചുറ്റളവിന് ഉള്ളിലായിരിക്കണം എന്നീ നിബന്ധനകൾ മാറ്റണമെന്ന് സർക്കാർ തലത്തിൽ ആവശ്യപ്പെട്ട പ്രകാരം മാറ്റം വരുത്തിയിട്ടുണ്ട്. 100 കോടി വാർഷിക വിറ്റുവരവ് എന്നത് ഒരു കോടിയായി മാറ്റിയിട്ടുണ്ട്. ISO Certification നിബന്ധന, 35 കിലോമീറ്റർ ചുറ്റളവിനകത്ത് ഫാക്ടറി വേണം എന്നിവ മാറ്റിയിട്ടുണ്ട്. |
| (ബി) | എങ്കിൽ ഏതൊക്കെ ഉല്പന്നങ്ങൾ വാങ്ങുന്നതിനാണ് ഇപ്രകാരം താൽപര്യപത്രം ക്ഷണിച്ചതെന്ന് അറിയിക്കുമോ; | (ബി) | റവ/സൂചി, മൈദ, കറി പൗഡർ, മസാല പൗഡർ, കുടംപുളി, ഹാൻഡ് സാനിറ്റൈസർ, ഹാൻഡ് വാഷ്, ലിക്വിഡ് ടോയ്‌ലറ്റ് ക്ലീനർ, ഡിറ്റർജന്റ് പൗഡർ, സൺഫ്ലവർ ഓയിൽ/ പാമോലിൻ എന്നീ ഉല്പന്നങ്ങൾ വാങ്ങുന്നതിനാണ് ഇപ്രകാരം താൽപര്യപത്രം ക്ഷണിച്ചിട്ടുള്ളത്. |
| (സി) | ഇത് സംബന്ധിച്ച് കേന്ദ്ര വിജിലൻസ് കമ്മീഷന്റെയും സംസ്ഥാന സർക്കാരിന്റെയും ഉത്തരവുകൾ ലംഘിച്ചുകൊണ്ട് സപ്ലൈകോ കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ താൽപര്യപത്രം ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ? | (സി) | കേന്ദ്ര വിജിലൻസ് കമ്മീഷന്റെയും സംസ്ഥാന സർക്കാരിന്റെയും ഉത്തരവുകൾ ലംഘിച്ചുകൊണ്ട് താല്പര്യപത്രം ഒന്നും തന്നെ കഴിഞ്ഞ അഞ്ചു വർഷക്കാലയളവിൽ ക്ഷണിച്ചിട്ടില്ല . |

സെക്ഷൻ ഓഫീസർ